


Scanned by CamScanner

# S. N. V. H. S. S PANAYARA

JOIN WITH US, CONTINUE WITH US, GROW WITH US

NOBLE GROUP OF SCHOOLS

*Muttappalam Varkala*

*snvhspanayara@yahoo.com*




Scanned by CamScanner

little KITEs

# ലിറ്റിൽ കൈറ്റ്സ്

## ഹൈടെക് വിദ്യാലയങ്ങളിലെ

## കുട്ടികളുടെ

# ഐ.ടി കൂട്ടായ്മ

Scanned by CamScanner

# ഡിജിറ്റൽ മാഗസിൻ

## @ SNVHSS പനയറ

e ജ്വലിക

# e-തൂലിക

Scanned by CamScanner



ഹെഡ്മിസ്ട്രസ്

# ആശംസ

എ.ആർ.അജിതകുമാരി

ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ തയ്യാറാക്കിയ 'ഇ- തൂലിക' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകൾ... സർഗാത്മക കഴിവുകൾ ഹൈടെക്ക് സംവിധാനങ്ങളിലൂടെ കൂടുതൽ ആകർഷകമാക്കുന്ന ഈ നൂതന സംവിധാനത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർ, വിദ്യാർത്ഥികൾ ഏവർക്കും അഭിനന്ദനങ്ങൾ....



Scanned by CamScanner

## ആശംസ...

കൈറ്റിലെ കുട്ടികൾ തയ്യാറാക്കിയ 'ഇ- തൂലിക' എന്ന മാഗസിനിനു എന്റെ ആശംസകൾ നേരുന്നു

പി. ടി. എ. പ്രസിഡന്റ്

ആർ.സജേഷ് കുമാർ



Scanned by CamScanner

# എഡിറ്റോറിയൽ ബോർഡ്


## എഡിറ്റർ

ശിവാനി എ

## സബ് എഡിറ്റർ

അഭിനന്ദ് സജൻ

സൂര്യ കൃഷ്ണൻ


Scanned by CamScanner



# From the Editor's Desk

വിദ്യാർത്ഥികളുടെ കഴിവുകളും അഭിരുചികളും ഹൈടെക് സംവിധാനം ഉപയോഗിച്ച് സർഗ്ഗശേഷി വളർത്തുക എന്നതാണ് സ്കൂളിലൂടെ ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭം കൊണ്ട് ഉദ്ദേശിക്കുന്നത്

ഈ ഉദ്യമത്തി ഭാഗമായി പറയറ എസ്എൻ വി എച്ച്എസ്എസ് ലിറ്റിൽ കൈറ്റ്സ് അവതരിപ്പിക്കുന്ന ഡിജിറ്റൽ മാഗസിനാണ് 'ഇ-തൂലിക'

വിലയിരുത്തലുകളും വിമർശനങ്ങളുമായി സ്നേഹപൂർവ്വം സമർപ്പിക്കുന്നു

എന്ന്

എഡിറ്റോറിയൽ ബോർഡ്

Scanned by CamScanner

# സ്കൂൾ ചരിത്രം

13/06/1957- ൽ ഏകദേശം 30 കുട്ടികളുമായി എസ്.എൻ.വി. എൽ.പി.എസ് എന്ന പേരിൽ ചാവടിമുക്കിൽ ഒരു മുറി കടയിൽ ആരംഭിച്ചതാണ് ഈ വിദ്യാലയം.. ശ്രീ. കെ.ജി. വേലായുധൻ സാറായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. പിന്നീട് യു. പി സ്കൂളായും 1979- ജൂൺ ആയപ്പോഴേക്കും എച്ച്.എസ്സായും അപ്ഗ്രേഡ് ചെയ്തു. അന്നത്തെ ധനകാര്യമന്ത്രി ബഹു : ശ്രീ. വരദരാജൻ അന്നത്തെ എം.എൽ.എ ആയിരുന്ന ശ്രീ. റ്റി.എ. മജീദിന്റെ സാനിധ്യത്തിൽ ഔദ്യോഗികമായി പ്രഖ്യാപിച്ചു. 2016 ആഗസ്റ്റ് 26 ന് ഈ സ്കൂൾ എച്ച്. എസ്.എസ് ആയി അപ്ഗ്രേഡ് ചെയ്തു. ഇന്ന് എൽ.കെ.ജി മുതൽ ഹയർ സെക്കന്ററി വരെ 900 ത്തോളം കുട്ടികൾ പഠിക്കുന്ന ചെമ്മരുതി പഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളാണിത്.

Scanned by CamScanner

# ഭൗതിക സാഹചര്യങ്ങൾ

രണ്ടേ മുക്കാൽ ഏക്കർ ഭൂമിയിലാണ്
വിദ്യാലയം സ്ഥിതി ചെയ്യുന്നത്.
ഹൈസ്കൂളിന് 4 കെട്ടിടങ്ങളിലായി
32 ക്ലാസ് മുറികളും ഹയർ
സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി
8 ക്ലാസ് മുറികളുമുണ്ട്.
അതിവിശാലമല്ലെങ്കിലും
ഒരു ചെറിയ കളിസ്ഥലം
വിദ്യാലയത്തിനുണ്ട്.ഹൈസ്കൂളിനും
ഹയർസെക്കണ്ടറിക്കും വെവ്വേറെ
കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട്
ലാബുകളിലുമായി ഏകദേശം
മുപ്പതോളം കമ്പ്യൂട്ടറുകളുണ്ട്.
രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ്
ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.
അത്യാധുനിക സൗകര്യങ്ങളോടു
കൂടിയ സയൻസ് ലാബുകളും
സ്കൂളിന്റെ പ്രത്യേകതളാണ്.
പെൺകുട്ടികൾക്കായിട്ടുള്ള ഷീ
ടോയിലറ്റ് സൗകര്യവും ലഭ്യമാണ്.



Scanned by CamScanner

## ഉള്ളടക്കം

1. അസ്നാ.S - പ്രണയം

2. ശിവാനി.S - ചിലത്

3.ആദർശ് ഉദയകുമാർ - വിധി

4. അഭിനന്ദ് സജൻ - ശരിയായ പഠനം

5. വീണ.വി.എസ്സ് - Best

6. ഗോപിക.B.S - നിൻ ഓർമ്മ

7. ജാഷ്.S - കനൽ

8.മാനസ.SM - Exam fear

9.ജയലക്ഷ്മി - Friendship

10. അനന്തു.A - പ്രളയം

11. അഭിജിത്ത്.V - മഴ നനഞ്ഞ ബാല്യം

Scanned by CamScanner

കവിത

# മഴ നനഞ്ഞ ബാല്യം

പൂക്കാത്ത മാവെന്ന ശാപമേറി
നിന്ന മാവ് മുത്തശ്ശി പെട്ടെന്നൊരു
നാളിപ്പോൾ തേനൂറും മധുരമാം
പഴങ്ങൾ നൽകേ തന്നോരമകളെല്ലാം
അരിച്ചു പെറുക്കീട്ടും ഇവിടമെപ്പോഴും
നടന്നതില്ലേ.....
അന്നാദ്യമായ് ആ മഴ ചൊരിഞ്ഞപ്പോൾ
ഞാനാദ്യമായ് ഒന്നുല്ലസിച്ചു

•

**അഭിജിത്ത്.V**

Scanned by CamScanner

# പ്രളയം



വാർത്തകളിൽ പ്രളയം
കണ്ണീരിന്റെ പ്രളയം

മഴ ദൈവങ്ങൾ കനിഞ്ഞ പ്രളയം
എങ്കിലും ദുഖം
ഓർമ്മകൾ മറഞ്ഞു...
പ്രളയത്തിൻ

സ്വപ്നങ്ങൾ ഒഴുകി പ്രളയത്തിൽ
ഒടുവിൽ വന്ന പത്ര വാർത്തയിൽ
ഒരു കടലിരുമ്പൽ

വാർത്തയുടെ ഉള്ളിലിങ്ങനെ
"ഞാൻ കാത്തിരിക്കുകയാണ്
നീ തിരിച്ചുവരുമെന്ന
പ്രതീക്ഷയയിൽ"

പ്രളയം......
ഹൃദയത്തിലും
വാർത്തയിലും.....

**Anandu.A**

Scanned by CamScanner

കവിത

# കനൽ

ആദ്യമായ് ഞാൻ പ്രതികാരദാഹിയായ്
അന്ന് എരിയുന്ന കണ്ണുകൾ എന്നിലേക്ക്
ആഴ്ന്നിറങ്ങിയപ്പോൾ
ആരൊരാൾ കനലുകൾ
എന്നിലേക്കോടി കിതപ്പിച്ചു

പ്രതികാരമെന്തെന്ന് കാട്ടികൊടുപ്പുവാൻ
ഞാൻ ഞാനയിരിപ്പു ഞാനെൻ
കനൽ പക വാരിയെറിഞ്ഞു
പിന്നീട് പൊങ്ങാത്ത നാവുമായ്

ഏന്തി ഏന്തി നന്മയരുളാൻ
ആ കണ്ണുകൾ പിന്നീടും വന്നുവല്ലോ

Jash.S

•

Scanned by CamScanner

കവിത

# Exam Fear



My exam was near,
I always full of fear
I studied until late at night,
for my answers to be right,

I was frightened as never because
I know I wasn't clever
I couldn't sleep a wink all i did
was think i didn't pass,

I would respect the class,
the next day was very creepy, I was
very sleepy finally ! at the exam table
I tried to be stable, i was very
shocked to see the clock

for I had slept all
through that silly exam.

• Manasa.SM

Scanned by CamScanner

കവിത

# Friendship

Long, Long ago I sailed in a ship,
A ship of friendship. Everyone was
happy in  her joy, cheerfulness and
happines was there.

We together sailed through the
storm of doubts and disbelief.
But we together held hard in had

And withstood the storm but
When years passed, I was so
lated from the ship of friendship.

So I sailed alone
Suddenly I remembered my past,
Soon I realized the consequences
I have to fall.

A wild wind blue and storm
came i fell to the edge of my
ship Another sailor who
passed nearby held my hand
and rescued me, Again from the
Storm of way and distress But

I realized that friendship is far
more superior than loneliness.

• Jayalekshmi. J

Scanned by CamScanner

കവിത

# നിൻ ഓർമ്മ

ഒരു മധുര സ്വപനമായ്
നീയെന്നരികിലലിയുന്ന നേരമായ്
കൂട്ടുകാരി
ഒരു ചെറുശലഭമായ് ഒരു ചെറുസ്വപ്നമായ്
നീയെൻ ചാരെയലിഞ്ഞു നിൽക്കേ

അന്നൊരാനാളിൽ നിൻ ഹൃദയത്തിന്റെ
കോണിൽ ഞാനൊരിടം തേടിയലയേ
അന്നേരം നീയേതോ വിദൂരതീരത്ത്
മറയേ എന്നു ഞാനറിഞ്ഞു

•

Gopika.B. S

Scanned by CamScanner

Poem

# Best

If you always try your best
Then you'll never have to wonder
About what you could have done
If you'd summoned all your thunder

And if your best
was not as good
As you hopped it would be,
you still could say

" I have today
All that I had in me".

- Veena.V.S

Scanned by CamScanner

കഥ

# ശരിയായ പഠനം

ആര്യ ഒമ്പതാം ക്ലാസിൽ പഠിക്കുന്ന കുട്ടിയാണ്. അവൾ നന്നായ് പഠിക്കുമായിരുന്നു. മറ്റു കുട്ടികളുടെ പ്രിയപ്പെട്ട കൂട്ടുകാരിയായിരുന്നു. ആര്യ പരീക്ഷയ്ക്കും മറ്റും അവൾക്ക് മൂന്നോ നാലോ മാർക്ക് മാത്രമേ കുറയുകയുള്ളു. എന്നാൽ അവളുടെ അമ്മയ്ക്കും അച്ഛനും അവൾ എല്ലാ വിഷയങ്ങൾക്കും ഫുൾ മാർക്ക് വാങ്ങാണമെന്നായിരുന്നു ആഗ്രഹം. തന്റെ മകൾ ഒരു ചെറിയ ഗവൺമെന്റ് സ്കൂളിൽ പഠിക്കുന്നതു കൊണ്ടാണ് അവൾക്ക് മാർക്ക് കുറഞ്ഞതെന്ന് ഇരുവരും വിചാരിച്ചു. അതിനാൽ അവളെ ഉടൻ തന്നെ സ്കൂൾ മാറ്റാൻ അവർ തീരുമാനിച്ചു. മറ്റൊരു വലിയ പ്രൈവറ്റ് സ്കൂളിൽ പഠിപ്പിച്ചു. തന്റെ പഴയ സ്കൂളും പ്രിയകൂട്ടുകാരേയും പിരിഞ്ഞതിൽ അവൾ ഒരുപാട് ദു:ഖിതയായ്. കൂട്ടുകാരെ പിരിഞ്ഞതിലുള്ള സങ്കടവും പുതിയ സ്കൂളിലെ അധികമായ നിയമങ്ങളും ആര്യയെ പഠനത്തിൽ നിന്നും പുറകോട്ടു വലിച്ചു. അവളുടെ മാർക്ക് കുറയുന്നതല്ലാതെ കൂടുന്നില്ലെന്ന് മനസ്സിലാക്കിയ മാതാപിതാക്കൾ അവളെ ശരീരികമായും മാനസികമായും പീഡിപ്പിക്കാൻ തുടങ്ങി. അവൾ മാതാപിതാക്കളെ എതിർക്കാൻ തുടങ്ങി. സ്വയം ശരീരത്തെ വേദനിപ്പിക്കാൻ തുടങ്ങി. മാതാപിതാക്കളോട് അടുത്തിടപെടാതെ അവൾ ഒറ്റയ്ക്കിരുന്നു കരയാൻ തുടങ്ങി. ഇതെല്ലാം അവളുടെ പഠനത്തെ ബാധിച്ചു കൊണ്ടിരുന്നു. തന്റെ പഴയ സ്കൂളിലേക്ക് പോകാനും പഴയ കൂട്ടുകാരോടു കൂടാനും അവൾ ഏറെ ആഗ്രഹിക്കുന്നു എന്ന് ഇരുവരും മനസിലാക്കി. അവർക്ക് മനസിലായ് വലിയ സ്കൂളിൽ ഒരുപാട് ഫീസ് കൊടുത്തു പഠിച്ചാൽ നല്ല മാർക്ക് വാങ്ങാൻ കഴിയില്ലെന്നും ഒരു കൊച്ചു സ്കൂളാണെങ്കിലും അത് കുട്ടികളുടെ മനസ്സിനിണങ്ങുന്നതാണെങ്കിൽ അവർ നന്നായ് പഠിക്കുമെന്നും അങ്ങനെ ആര്യയെ പഴയ സ്കൂളിൽ ചേർക്കാൻ ഇരുവരും തീരുമാനിച്ചു. ആ തീരുമാനം അവളുടെ പഠനവും ജീവിതവും സന്തോഷമാക്കി .

•

Abhinand Sajin

Scanned by CamScanner

കവിത

# പ്രണയം



ചില പ്രണയങ്ങൾ വിരിയാൻ
കൊതിക്കുന്ന പനിനീർ പൂവിന്റെ
ദളങ്ങൾ പോലെയാണ്

വിരിയുന്നത് വരെ സുഗന്ധം
അവർക്കുള്ളിൽ അടക്കി പിടിക്കും

വിരിഞ്ഞു കഴിഞ്ഞാൽ സുഗന്ധം
വാരി വിതറും
പിന്നെ വാടികൊഴിഞ്ഞു
ഓരോ ദളങ്ങളായി പൊഴിഞ്ഞു
കാറ്റിന്റെ ഓളങ്ങളിൽ അപരിചിതരായി നടക്കും

Asna.N



Scanned by CamScanner

# ചിലത്

ചില സന്ധ്യകൾ ചോന്നു തുടുക്കാറില്ല.......
ചില മുകിൽ മാലകൾ പെയ്തൊഴിയാറില്ല........
ചില രാത്രികൾ നിലാവു പൊയ്ക്കാറില്ല........
ചില നേരം കാറ്റിനു ചന്ദനഗന്ധമല്ല........

ചില മോഹങ്ങൾ സഫലമാകാറില്ല
ചില നിമിഷങ്ങൾ മനസ്സിൽ നിന്നു മായാറില്ല
ചില സത്യങ്ങൾ ആരും ഓർക്കാറില്ല..........
ചില ചോദ്യങ്ങൾക്കു ഉത്തരം കിട്ടാറില്ല.....

•

Sivani.A



Scanned by CamScanner

കവിത

# വിധി



എന്നെ കീഴ്പ്പെടുത്തുവാൻ നിന്റെ കുടില
തന്ത്രങ്ങൾക്ക് ആവുകയില്ല നീ
അടിച്ചമർത്തുന്തോറും ഞാൻ
ഉയർത്തെഴുന്നേറ്റു കൊണ്ടിരിക്കും
നീ അപമാനിക്കുന്തോറും ഞാൻ
ആത്മാഭിമാനം സംഭരിച്ചുകൊണ്ടേയിരിക്കും

എന്നെ ചതിക്കുഴികളിലേക്ക്
തള്ളിയിടുന്തോറും അവിടം
പൂക്കളാൽ സജീകരിച്ച് വസന്തം
വാരി വിതറും ഞാൻ.

**അദർശ് ഉദയകുമാർ**



Scanned by CamScanner